LIBRARY ARCHIVES Kerala Legislative Assembly

ദേശീയ തൊഴിലുറപ്പ് ടൈബൽ പ്ലസ് പദ്ധതി

57(2093) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ തൊഴിലുറപ്പ് ടൈബൽ പ്ലസ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉണ്ട്. 15-7-2021-ലെ കണക്കനുസരിച്ച് 1,27,167 കുടുംബങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ദേശീയ തൊഴിലുറപ്പ് മിഷന്റെ 100 ദിവസത്തെ തൊഴിലുറപ്പ് കാർഡ് അനുവദിച്ചിട്ടുണ്ട്. 100 ദിവസത്തെ തൊഴിൽ ലഭിച്ചു കഴിഞ്ഞാൽ 100 ദിവസം കൂടി അധിക തൊഴിൽ നൽകുന്ന പദ്ധതിയാണ് ടൈബൽ പ്ലസ്.

(ബി) ടൈബൽ പ്ലസ് പദ്ധതിയിൽ സംസ്ഥാനത്ത് തൊഴിലവസരങ്ങൾ ഒരുക്കിയിട്ടുണ്ടോ; അവ എവിടെയൊക്കെയാണ് നടപ്പിൽ വരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. പട്ടികവർഗ്ഗക്കാരുള്ള എല്ലാ പഞ്ചായത്തുകളിലും ടൈബൽ പ്ലസ് പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) ടൈബൽ പ്ലസ് പദ്ധതിയുടെ മേൽനോട്ടവും ചുമതലയും ആയതിന്റെ ശക്തമായ മോണിട്ടറിംഗ് സംവിധാനവും സംസ്ഥാനത്ത് ഏതുരീതിയിൽ നടപ്പിൽ വരുത്തുന്നുവെന്ന് വിശദമാക്കാമോ?

പദ്ധതി നടപ്പിലാക്കുന്നത് സംസ്ഥാന സർക്കാരിന് കീഴിലുള്ള ദേശീയ തൊഴിലുറപ്പ് മിഷനാണ്. നിലവിലുള്ള മോണിറ്ററിംഗ് സംവിധാനം ടൈബൽ പ്ലസിന്റെ കാര്യത്തിലും തുടർന്നുവരുന്നു.

പട്ടികജാതി/വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് തൊഴിൽ

58(2094) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൊഴിൽരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് തൊഴിൽ നേടുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി വിഭാഗത്തിൽപ്പെട്ട, തൊഴിൽരഹിതർക്ക് നൈപുണ്യ വികസന പരിശീലന പരിപാടികൾ സംഘടിപ്പിച്ച് സംസ്ഥാനത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വകുപ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിവര സാങ്കേതികം, ഇലക്ട്രിക്കൽ ആൻഡ് ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, ടെക്സ്റ്റൈൽ ഡിസൈനിംഗ് എന്നിങ്ങനെ വിവിധ മേഖലകളിൽ തൊഴിൽ ലഭ്യമാകുന്ന വിവിധ പരിശീലന പരിപാടികൾ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്നുണ്ട്. സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പുമുഖേന ഒരു ലക്ഷം രൂപയും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപവരെയും സ്വയംതൊഴിൽ സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. വിദേശത്ത് തൊഴിൽ തേടി പോകുന്ന അഭ്യസ്തവിദ്യരായ പട്ടികജാതി യുവതീ- യുവാക്കൾക്ക് യാത്രാസംബന്ധമായ ചെലവുകൾ നേരിടുന്നതിന് ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കിവരുന്നു. തൊഴിൽരഹിതരായ പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് തൊഴിൽ നൽകുന്നതിനായി സർക്കാർ വിവിധ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. പി.എസ്.സി വഴി ജോലി ലഭിക്കുന്നതിനുള്ള പരിശീലനം ജില്ലാ ആസ്ഥാനങ്ങളിൽ നടന്നുവരുന്നു. ആധുനിക തൊഴിൽ മേഖലകളിലുണ്ടാകുന്ന തൊഴിലവസരങ്ങൾ നേടുന്നതിനായി അവർക്ക് പ്രത്യേക നൈപുണ്യ പരിശീലനം നൽകി അവർക്ക് വിവിധ വ്യാവസായിക ഉത്പാദന കേന്ദ്രങ്ങളിൽ ജോലി ലഭ്യമാക്കുന്നു. വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്നവർക്ക് ആധുനിക കൃഷിരീതിയിൽ പ്രത്യേക പരിശീലനം നൽകി അവർക്ക്, കൂടുതൽ ഉത്പാദനത്തിലൂടെ സ്ഥിരവരുമാനം ഉറപ്പാക്കുന്നു. വനിതകളായ സ്ത്രീകൾക്ക് തയ്യൽ പരിശീലനം നൽകി ഗ്രൂപ്പുകളാക്കി ഉത്പാദനകേന്ദ്രം ആരംഭിച്ചിട്ടുണ്ട്. നിർമ്മാണ മേഖലയിൽ പ്രത്യേക പരിശീലനവും ഒപ്പം ധനസഹായവും നൽകി, അവർക്ക് വകുപ്പിന്റെ തന്നെ നിർമ്മാണ പ്രവർത്തനങ്ങളിലൂടെ തൊഴിൽ ലഭ്യമാക്കിവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിൽ പട്ടികജാതി/വർഗ്ഗ പ്രാതിനിധ്യം

59(2095) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം ഏറ്റവും ഒടുവിൽ അവലോകനം ചെയ്തത് എന്നാണ്; ഇതുസംബന്ധിച്ച് പൊതുമേഖല സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് നൽകാമോ?

2019 ഡിസംബറിലാണ് പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം അവസാനമായി അവലോകനം ചെയ്തത്. ഇത് സംബന്ധിച്ച് പൊതുമേഖല സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.